ഇ.ബി (1) 26544/16

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി, 17.07.2019

സഹകരണ സംഘം രജിസ്ട്രാർ
തിരുവനന്തപുരം

സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം,
എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും,
എല്ലാ സഹകരണ അപ്പെക്സ് സ്ഥാപനങ്ങൾക്കും.

സർ,

വിഷയം: സഹകരണവകുപ്പ് – Sexual Harrassment of Women at Workplace (Prevention, prohibition and Redressal Act, 2013)- നിയമം നടപ്പിലാക്കുന്നത്-സംബന്ധിച്ച്.

സൂചന : സാമൂഹ്യ നീതി വകുപ്പിന്റെ 26.05.2016 ലെ 1556/ബി3/16/സാനീവ നമ്പർ സർക്കുലർ.

.....

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധക്ഷണിക്കുന്നു. 09.12.2013 ൽ കേന്ദ്ര സർക്കാർ ചട്ടങ്ങൾ വിജ്ഞാപനം ചെയ്ത് നടപ്പിലാക്കിയ Sexual Harrassment of Women at Workplace (Prevention, prohibition and Redressal) Act, 2013പ്രകാരം 10 ഉം അതിൽ കൂടുതൽ ജീവനക്കാർ പ്രവർത്തിയെടുക്കുന്ന എല്ലാ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിൽ ഇന്റേണൽ കംപ്ലയൻസ് കമ്മറ്റി രൂപീകരിക്കുന്നതിന് ടി സ്ഥാപനങ്ങളുടെ ഉടമസ്ഥർ ബാദ്ധ്യസ്ഥർ ആണെന്ന് ടി നിയമത്തിലെ നാലാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കമ്മറ്റികളുടെ പ്രവർത്തനത്തിനാവശ്യമായ സൗകര്യം ഒരുക്കുക, അവയുടെ നിർദ്ദേശം നടപ്പിലാക്കുക, എന്നിവയും തൊഴിൽ ഉടമ പാലിക്കേണ്ടതാണ്. മേൽ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നത് 50,000/- രൂപ വരെ പിഴ ലഭിക്കാവുന്ന കുറ്റമാണെന്നും മുൻപ് ഇതേ കുറ്റത്തിന് ശിക്ഷിയ്ക്കപ്പെട്ട തൊഴിൽ ഉടമയ്ക്ക് ഇരട്ടി ശിക്ഷ ലഭിക്കാവുന്നതാണ് എന്നും ടി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ആയതിനാൽ ഇതിനോടകം ഇന്റേർണൽ കമ്മറ്റി രൂപീകരിച്ചിട്ടില്ലാത്ത പത്തിൽ കൂടുതൽ ജീവനക്കാർ ഉള്ള സഹകരണ സംഘങ്ങളിൽ/സ്ഥാപനങ്ങളിൽ ടി നിയമത്തിലെ വകുപ്പ് 4 പ്രകാരമുള്ള ഇന്റേണൽ കമ്മറ്റി രൂപീകരിക്കേണ്ടതും അപ്രകാരം ജില്ലയിലെ എല്ലാ സഹകരണ സ്ഥാപനങ്ങളിലും കമ്മറ്റി രൂപീകരിച്ചുവെന്ന് ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

<u>ഇന്റേർണൽ കംപ്ലയിൻസ് കമ്മറ്റിയുടെ ഘടന</u>

- സമിതിയിൽ അംഗങ്ങളിൽ പകുതിയും സ്ത്രീകളായിരിക്കണം.
- അദ്ധ്യക്ഷ ജീവനക്കാരിലെ മുതിർന്ന സ്ത്രീ ഉദ്യോഗസ്ഥ ആയിരിക്കണം.
- സാമൂഹ്യ/നിയമ പ്രവർത്തനങ്ങളിൽ പരിചയമുള്ള രണ്ട് പേരിൽ കുറയാത്ത അംഗങ്ങൾ ജീവനക്കാരിൽ നിന്ന് ഉണ്ടായിരിക്കണം.
- സ്ത്രീ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാർ ഇതര സംഘടനാ പ്രതിനിധി അല്ലെങ്കിൽ ഈ മേഖലയെക്കുറിച്ച് അറിവുള്ള വ്യക്തി.

ഇതിനു പുറമേ 10 ൽ താഴെ ജീവനക്കാരുള്ള സഹകരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന പരാതികൾ കളക്ടറേറ്റിലുള്ള ലോക്കൽ കംപ്ലയൻസ് കമ്മറ്റിയ്ക്ക് കൈമാറുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

ഇന്റേർണൽ കംപ്ലയൻസ് കമ്മറ്റികൾ ഓരോ കലണ്ടർ വർഷത്തിലും ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കി ആയത് തൊഴിൽ ദായകനും ജില്ല ആഫീസർക്കും സമർപ്പിക്കുന്നുണ്ടെന്ന് അതത് ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ ഉറപ്പ് വരുത്തേണ്ടതാണ്.

സഹകരണ സ്ഥാപനങ്ങളിലെ/സംഘങ്ങളിലെ ഇന്റേർണൽ കംപ്ലയൻസ് കമ്മറ്റി അംഗങ്ങൾക്കും ജീവനക്കാർക്കും ആവശ്യമെങ്കിൽ ഈ നിയമം സംബന്ധിച്ച അവബോധം വനിത ശിശു വികസന വകുപ്പുമായി ബന്ധപ്പെട്ട് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് കമ്മിറ്റികൾ രൂപീകരിച്ച് ശേഷം ആക്ഷൻ ടേക്കൺ റിപ്പോർട്ട് 31.08.2019 ന് മുമ്പായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ
(ഒപ്പ്)
ഡോ. പി.കെ. ജയശ്രീ. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)